# പ്രതികരണങ്ങൾ — 26



പ്രതികരണങ്ങൾ — 26
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Playing with the kitten, a painting by Émile Munier (1840–1895). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## വി. കെ. കെ.: രമേഷ് ഗാന്ധിവക്കീൽ

**തോമസ് ഏബ്രഹാം:** വി. കെ. കെ. രമേഷിന്റെ കഥ ഉൾക്കൊണ്ടു. ഇങ്ങിനെ വേണം കഥ എഴുതുവാൻ എന്നാണെന്നു ഞാൻ കരുതുന്നതു്. പൂരിപ്പിക്കുവാൻ ഒരുപാടു് കാര്യം വായനക്കാരെന്ന് ബാക്കി വയ്ക്കുക.

## കെ. ദാമോദരൻ: ശ്രീശങ്കരൻ ഹെഗൽ മാർക്സ്

**കെ. ജി. എസ്.:** ശങ്കരൻ, ഹെഗൽ, മാർക്സ്, ദാമോദരൻ… തീവ്രം, ഈ ദീപാവലി.

> അവകാശങ്ങൾക്കും അഭിപ്രായങ്ങൾക്കും
> നീതിക്കും ചുറ്റും
> വിളക്കെല്ലാം മറച്ചു നിവരുന്ന തടവറമതിലുകളും… ഇന്നു്
> അങ്ങനെയുമൊരു നിശ്ചല ദീപാവലി
> ദൃശ്യവും.

## ഒ. വി. ഉഷ: സുന്ദരം... ശിവം... സത്യം...

**കെ. സച്ചിദാനന്ദൻ:** ഉഷയുടെ യാത്രക്കുറിപ്പ് നന്നായി. ഋഗ്വേദ പ്രാർത്ഥന ആവർത്തിക്കുന്നു. മനുഷ്യർ പ്രകൃതിയുമായുള്ള ലയം പുനഃസ്ഥാപിക്കട്ടെ. ഇനി കേരളത്തിൽ വരുമ്പോൾ പോകാൻ ഒരിടം കൂടിയായി. നന്ദി.

**വസന്തൻ:** കഥകളും എഴുതാറുണ്ട്. അടുത്തയിടെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'കിളിമരത്തിന്റെ വീട്' കഥ പ്രസിദ്ധീകരിച്ചിരുന്നു.

**സി. റ്റി. മുരളി :** സുന്ദരം... ശിവം... സത്യം...

പശ്ചിമഘട്ട പ്രാന്തത്തിലെ സെന്തുരുണിക്കാടിനപ്പുറത്തെ റോസ് മലയടിവാര സന്ദർശനത്തിന്റെ കുളിർമ്മയുള്ള വിവരണം.

ഒരുനാളത്തെ പരിപാടിയിൽ നിന്നും രണ്ടുനാളത്തേതും പിന്നെ ഒരു വാരത്തേതുമാക്കി മാറ്റാൻ മാത്രം വശ്യതയാർന്ന, ഋഗ്വേദ മധുമതീ സൂക്തം മനസ്സിൽ അനുരണം ചെയ്യിച്ച, മനുഷ്യനെ പ്രകൃതിയിലേക്ക് ആഗിരണം ചെയ്യുന്ന അനുഭൂതി. ഒരിക്കൽക്കൂടി തിരിച്ചുവരുമെന്ന് മനസ്സിലുറപ്പിക്കാൻ പ്രേരിപ്പിക്കുന്ന അനുഭവം.

'ഇന്നത്തെ ലോക ജീവിതത്തിന്റെ കാലുഷ്യങ്ങളെക്കുറിച്ചുള്ള ആധികൾക്കിടയിൽ റോസ് മലയിലെ പ്രകൃതിയോട് കൃതജ്ഞത തോന്നി. അവിടത്തെ സൗന്ദര്യം ആന്തരികമായ സൗന്ദര്യാനുഭൂതിയായി പകർന്നു കിട്ടി. ആ അനുഭൂതി മംഗളകരമായി തോന്നി. അത് പ്രകൃതിയുടെ കാരുണ്യ ഭാവത്തിന്റെ സത്യം പ്രകാശിപ്പിച്ചു. സുന്ദരം... ശിവം... സത്യം...'

**ശ്രീദേവി കർത്താ:** ഈ വനസ്ഥലിയിൽ സജിത്തും ഞാനും പോയിട്ടുണ്ട്. അതി സുന്ദരമാണ് റോസ് മല. എന്നാൽ എല്ലാ മലവാസികളെയും പോലെ അവിടെയുള്ള ഭൂരിഭാഗം മനുഷ്യർക്കും താഴെ എത്തി പട്ടണ സൗകര്യങ്ങൾ അനുഭവിക്കാനാണ് താല്പര്യം. അത് കൊണ്ടു പലരും റോസ് മല ഇറങ്ങിക്കഴിഞ്ഞു. നല്ല കാര്യം. സത്യത്തിൽ മലയോര പ്രദേശത്തും കാടിനോരങ്ങളിലും താമസിക്കുന്ന മനുഷ്യർക്ക് അവിടെ തുടരാൻ താല്പര്യം ഇല്ലാത്ത പക്ഷം ഉടനടി മാറ്റിപാർപ്പിക്കുന്നതാണ് നല്ലത്. ഇത്തരം പ്രദേശങ്ങളിൽ നിന്നു പരമാവധി മനുഷ്യരൊഴിഞ്ഞു പോകുകുകയും ഒഴിഞ്ഞ ഇടങ്ങൾ കാട് തിരിച്ചു പിടിക്കുകയും വേണം. സത്യത്തിൽ റോസ് മലയിൽ ഞങ്ങളെത്തുമ്പോൾ ആ സ്ഥലത്തെക്കുറിച്ചു അധികമാർക്കും അറിയില്ലായിരുന്നു. അറിയാതിരിക്കട്ടെ എന്ന് കരുതി ആ യാത്രയെക്കുറിച്ചു അധികം ആരോടും പറയുകയോ എഴുതുകയോ ചെയ്തിട്ടില്ല. ഇപ്പോൾ ബൈക്കുകാരുടെ പറുദീസ ആയി എന്ന് ഉഷച്ചേച്ചി എഴുതിയത് വായിച്ചു ഹൃദയം തകർന്നു പോകുന്നു... ഇനി എന്തായിത്തീരും താമസിയാതെ ആ മനോഹര പ്രകൃതി. നിർബാധം വിഹരിക്കുന്ന മൃഗങ്ങളുടെ ആ കൊച്ചു പച്ച ഗേഹത്തെയെങ്കിലും വിനോദ ഭ്രാന്തരായ മനുഷ്യർ വെറുതെ വിടട്ടെ.

**ഷബ്ന മറിയം:** സുന്ദരം... ശിവം... സത്യം...

ഈ കൊറോണക്കാലത്ത് വായനക്കാരിൽ ഏറ്റവുമധികം അനുഭൂതികളുണർത്താനാവുക യാത്രാക്കുറിപ്പുകൾക്ക്, യാത്രാപുസ്തകങ്ങൾക്കാണെന്ന് തോന്നുന്നു. ഭൂരിപക്ഷം ആളുകളും കെട്ടിട്ടങ്ങളുടെ അകത്തളങ്ങളിൽപ്പെട്ടു നട്ടം തിരിയുമ്പോൾ ഈ വായന തരുന്ന ആത്മവിശ്വാസവും പ്രതീക്ഷയും അത്രമാത്രം വലുതാണ്. അതും ഇത്ര മനോഹരമായി ആ പ്രകൃതിയെ നമ്മളിലേക്ക് ആവാഹിക്കുന്ന പദപ്രയോഗങ്ങളും കൂടിയാകുമ്പോൾ. റോസ് മലയിലെ പ്രകൃതിയെക്കുറിച്ച്, അതിന്റെ ആന്തരികാനുഭവങ്ങളെക്കുറിച്ച്, വിവരിച്ചതിന് നന്ദി.

## കരുണാകരൻ: ജന്മദിനം

**കെ. ജി. എസ്.:** കിട്ടാതെ പോയ കയ്യടികൾ പ്രാവുകളായി ചിറകടികളായി മാറിയതും ഇന്ദ്രജാലം. പോക്കറ്റടിക്കാരൻ തന്ന ചീട്ടുകളിൽ ഒരു ചെറു വിജയം പല മൂല്യങ്ങളായി കയ്യടിയും ചിറകടിയുമില്ലാതെ തിരിച്ചെത്തിയത് വേറൊരിന്ദ്രജാലം.

നമ്മുടേതാവാത്ത സമയം ഒരിക്കൽ നമ്മുടെ കാലി ഖജനാവിലും വന്ന് വീഴുമെന്ന് ഏതെങ്കിലുമൊരു പെരും തുണിന്റെ പെരും നിഴൽ കാണിക്കുന്നതും ഇന്ദ്രജാലം. കരുണാകരന്റെ കഥ തന്നെ കയ്യടക്കമുള്ള ഇന്ദ്രജാലം.

ഇന്ദ്രജാലമില്ലെങ്കിൽ എന്താവും ഓരങ്ങളിലെ യുവത്വത്തിന്റെ ചരിത്രം?

**ദിനേശൻ വടക്കിനിയിൽ:** വരമ്പത്ത് ജീവിക്കേണ്ടി വരുന്നവർക്ക് സന്തോഷം അന്നമായിമാറുന്ന ജാലവിദ്യ...

**കെ. സച്ചിദാനന്ദൻ:** കരുണാകരൻ പതിവുപോലെ എന്റെ ദുഃഖങ്ങളെ പ്രാവുകളാക്കി. ഞാൻ ആ പ്രാവുകളെ എന്റെ മൊബൈൽ ഫോണിലേക്ക് പറത്തി. അവയിലൊന്നിന്റെ ചിറകിൽ നിന്ന് ജലമോ രക്തമോ എന്ന് ഞാൻ ഒരിക്കലും മനസ്സിലാക്കാനിടയില്ലാത്ത എന്തോ ഒന്ന് പൊഴിഞ്ഞു വീണ് ഈ അക്ഷരങ്ങളായി. വേണമെങ്കിൽ അവയ്ക്ക് പൂവുകളാകാമായിരുന്നു. പക്ഷേ, ആ വിദ്യ ഞാൻ പഠിച്ചിട്ടില്ലല്ലോ, സ്കൂളിൽ പഠിക്കുമ്പോൾ എന്റെ വലിയൊരാഗ്രഹം മാജിക്കുകാരനായി ആൾക്കൂട്ടത്തിൽ നിന്ന് അവരുടെ ശിരസ്സിനു മുകളിലൂടെ മേഘങ്ങളിലൂടെ പറന്ന് ഞാൻ പോകുന്ന വഴി ഒരു മഴവില്ലാക്കി മാറ്റുക എന്നായിരുന്നെങ്കിലും.

## സച്ചിദാനന്ദൻ: അല്ലമാ പ്രഭു

**മനു:** കലിഗ്രഫിയുടെ അപാര സൗന്ദര്യം.

**കെ. ജി. എസ്.:**

> പിറവിരഹസ്യ മെന്തുമാകട്ടെ,
> അല്ലമാ, നിൻ
> പറയലിൽ പാടുന്നു
> പാടലിൽ പാറുന്നു
> പ്രാണന്റെ ഈണം.

**കെ. സച്ചിദാനന്ദൻ:** ഭട്ടതിരിയുടെ സ്പർശത്തിൽ അക്ഷരങ്ങൾ പൂവും പറവയും നദിയും സൂര്യനും ആകാശവുമായി മാറുന്നു. മലയാളം മലയാളത്തെ വേൾക്കുന്നു. നന്ദി ഗുഹേശ്വരാ, ഇങ്ങിനെയൊരു അക്ഷരാത്മാവായും അവതരിച്ചതിന്.

## വി. ആർ. സന്തോഷ്: ചില്ലകളിൽപ്പോലും കാതലുള്ള വൃക്ഷം

**ശ്രീനിവാസൻ, കെ. കെ.:** ചില്ലകളിൽ കാതൽ തിരയുമ്പോൾ.

ചില്ലകളിൽപ്പോലും കാതലുള്ള വൃക്ഷം എന്ന രൂപകത്തിന്റെ തണൽപറ്റിയാണ് ശ്രീ. വി.ആർ. സന്തോഷ് സച്ചിദാനന്ദസാഹിത്യത്തെ കമ്പോടുകമ്പ് അറുത്തുമുറിച്ച വായിക്കാൻ പുതുപുത്തൻമഴവും ഓങ്ങാൻ പാങ്ങുള്ളമരംവെട്ടുകാരും ആവശ്യമാണെന്ന് സമർത്ഥിക്കുന്നത്.

പേനയെടുത്തവരെല്ലാം എഴുത്തുകാരും പേയ്നാവുള്ളവരെല്ലാം അവരുടെ വൈതാളികരുമായി മാറുന്ന പാഠ്യരക്ഷത്തിന്റെ കാലത്ത് കാതലുള്ള പഴമരങ്ങളേയും മരമറിഞ്ഞ് മഴപ്രയോഗിച്ച തഴമ്പുറ്റ മരംവെട്ടികളെയും സന്തോഷ് സ്മരിക്കുന്നുണ്ട്.

സന്തോഷിന്റെ രൂപകത്തണലിൽ നിന്നു നോക്കിയാൽ അരനൂറ്റാണ്ടിലേറെക്കാലം മലയാള മണ്ണിൽ വേരുറപ്പിച്ച് ആഗോളാന്തരീക്ഷത്തിലേക്ക് ചില്ലകൾ നീട്ടി നില്ക്കുന്ന സൂര്യോന്മുഖമായ ഒരു വടവൃക്ഷം തന്നെയാണ് ശ്രീ. സച്ചിദാനന്ദൻ. അഞ്ചു സൂര്യന്മാർ എന്നൊരു കവിതതന്നെ അദ്ദേഹം എഴുതിയിട്ടുണ്ട്.

അരനൂറ്റാണ്ടുകാലത്തെ മാത്രമല്ല തമിഴകത്തെ സംഘത്തിണകൾ തൊട്ടുള്ള രാഷ്ട്രീയ സാംസ്കാരിക മുദ്രകൾ ഈ വൃക്ഷത്തിന്റെ വാർഷികവലയങ്ങളിൽ അങ്കനം ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ മലയാളം കേവലം ഒരു കവിതമാത്രമല്ല, മലയാളിയുടെ സാംസ്കാരികചരിത്രത്തിന്റെ കാവ്യരേഖ കൂടിയാണ്.

ദളിത്/ സ്ത്രീ പരിസ്ഥിതിവാദങ്ങളുടെ പ്രത്യയ ഭൂമികകളിലേക്ക് വേരുകൾ പടർത്തിയും അന്യ ഭൂഖണ്ഡങ്ങളിലേയും സ്വക്ഷേത്രത്തിലേയും കവിതയിലെ ഏറ്റവും പുതിയ ഷോണറുകൾ (Genre) വലിച്ചൂറ്റിയുമാണ് ഈ കവിവൃക്ഷം അടിമുടി 'കാതല'നായത്.

ഈ വൃക്ഷചൈതന്യരഹസ്യം അതിന്റെ വേരിലും പൂവിലും കായിലും ചികയുകയാണെങ്കിൽ നമുക്കുകണ്ടെത്താൻ കഴിയുക അത് സ്വയംശരിപ്പെടുത്തലിന് നിരന്തരം വിധേയമാക്കുന്ന എന്നതാണ്. ഒത്തിരി ശരികൾ ചേർത്തു ചേർത്താണ് അത് വലിയൊരു ശരിമരമായത്.

അതിന്റെ ഓരോ ചില്ലയും പ്രതിവർഷം നീളുന്ന ദൈർഘ്യം നമുക്ക് മുൻകൂട്ടി കണക്കുകൂട്ടിപ്പറയാൻ കഴിയുമെന്നതാണ് ആ ശരിമരത്തിന്റെ ദൗർബ്ബല്യം. അത് എങ്ങോട്ടൊക്കെ ചായുമെന്നും നമുക്ക പ്രവചിക്കാൻ കഴിയും. അതായത് രാഷ്ട്രീയശരികളുടെ ആകാശത്തേക്ക് മാത്രം ചില്ലകൾ വിരിച്ച നില്ക്കുന്ന ആമൂലാഗ്രം കാതലാർന്ന കവിവൃക്ഷമാണ് സച്ചിദാനന്ദമരമെന്ന് സംഗ്രഹിക്കാൻ കഴിയും. പ്രവചനാതീതമായ കവിതയുടെ ഒരു ചില്ല പോലും ആ മരത്തിലില്ല.

മോഹൻ ദാസ് കരംചന്ദ് ഗാന്ധിയിൽ ഒരു ദളിത് വിരുദ്ധനെ കണ്ടെത്താൻ കഴിയും. സ്ത്രീവിരുദ്ധനെ കയ്യോടെ പിടികൂടാൻ കഴിയും. എന്നാൽ സച്ചിദാനന്ദനിൽ ഇത്തരം വ്യതിയാനങ്ങളുടെ, അപ-ബോധങ്ങളുടെ ഒരു ഇലയനക്കംപോലും കണ്ടെത്താനാവില്ല. ഓരോ ദിനവും രാഷ്ട്രീയവും സാംസ്കാരികവുമായ സന്ദർഭങ്ങളിൽ സജീവമായി ഇടപ്പെട്ട് കരണപ്രതികരണങ്ങളിലൂടെ സ്വയം മൂർച്ചകൂട്ടുന്ന സച്ചിദാനന്ദന്റെ കവിത അദ്ദേഹം പോലുമറിയാതെ ജനിതക എഡിറ്റിങ്ങിന് വിധേയമാക്കപ്പെടുന്നതിനാലാണ് അത് അപകടകരമായ ശരിയായി മാറിപ്പോകുന്നത്.

പണ്ട് കെ. ജി. എസ്സിനെക്കുറിച്ച് സച്ചിദാനന്ദനെഴുതിയത് ഓർമ്മിച്ച പോവുകയാണ്. വർഷത്തിൽ ഒരിക്കൽമാത്രം പുഷ്പിക്കുന്നവൃക്ഷം! സച്ചിദാനന്ദനെക്കുറിച്ചും അങ്ങനെ ആഗ്രഹിച്ച പോവുകയാണ്. പ്രവചനാതീതമായി പുഷ്പിക്കുന്ന ഒരു കാവ്യ മരമായി ശരിതെറ്റുകളുടെ ആകാശത്തേയ്ക്ക് അദ്ദേഹം ചില്ലകൾ നീർത്തിയിരുന്നുവെങ്കിൽ!

## കെ. വേലപ്പൻ: ഏങ്ങലടിക്കുന്ന ഇന്ത്യയിലൂടെ

**ശ്രീദേവി കർത്താ:** വേലപ്പൻ ആശ്വസിക്കുന്ന പേനയോടെ നമ്മോടൊപ്പം വേണ്ടിയിരുന്ന ഒരു കാലമാണിത്. എങ്കിൽ ആ മെലിഞ്ഞ ശരീരത്തിനുള്ളിലെ അഗ്നി വാക്കായി വചനമായി മനുഷ്യാന്തസ്സിനു കാവലായി ഇന്നും കാത്തു കൊണ്ടേനെ നീതിയെ.

**കെ. സച്ചിദാനന്ദൻ:** കെ. വേലപ്പന്റെ ലേഖനം ഒരു പാട്ട് ഓർമ്മകളുണർത്തി. ദുരന്ത ദിനത്തിൽ ഞാനവിടെ ഉണ്ടാകേണ്ടതായിരുന്നു. ഭാരത് ഭവന്റെ ഒരു ലോക കവിസമ്മേളനത്തിന്. ചില കാരണങ്ങളാൽ അത് അല്പം നീട്ടിവെയ്ക്കപ്പെട്ടു. നടന്നപ്പോൾ അതൊരു പ്രതിഷേധയോഗം കൂടിയായി. യൂണിയൻ കാർബൈഡിന്റെ പടിക്കൽ റ്റൊമാസ് ട്രാൻസ് ട്രോമർ, ഡെരെക്ക് വാൽക്കോട്ട് എന്നിവരുൾപ്പെട്ട ഞങ്ങളുടെ കവി സംഘം കവിത വായിക്കുകയും ആ കൂട്ടക്കൊലക്കെതിരെ സംസാരിക്കയും ചെയ്തു—പിന്നെ വിഷവാതകം സഞ്ചരിച്ച തെരുവുകളിലൂടെ നടന്നു. മറക്കാനാകാത്ത ദുരന്തത്തിന്റെ കാഴ്ചകൾ—ഒരു മദ്ധ്യേന്ത്യൻ വിലാപം എന്ന കവിതയും ആ ദുരന്തത്തെക്കുറിച്ചാണ്. വേലപ്പനെപ്പോലുള്ള സമർപ്പിത ചേതസ്സുകളുടെ അഭാവം കൂടിയാകാം പരിഷത്തിന് പഴയ ഊർജ്ജം നഷ്ടപ്പെടുത്തിയത്. തിരിഞ്ഞു നോക്കണം, ഉള്ളിലേയ്ക്കും—വ്യക്തികളെന്ന പോലെ സംഘടനകളും. എന്റെ ഗാന്ധി നാടകത്തിന്റെ സംക്ഷിപ്ത രൂപം പരിഷത്ത് തൊള്ളായിരം വേദികളിൽ അവതരിപ്പിച്ചത് മറന്നു കൊണ്ടല്ല പറയുന്നത്, പക്ഷേ, സൈലന്റ് വാലി സമരത്തിനു ശേഷം പരിഷത്തിന് ക്ഷീണമുണ്ടായില്ലേ എന്ന ഭയം എന്റേതുമാത്രമല്ല.

**കരുണാകരൻ:** ഇന്ത്യ നിലനിൽക്കുന്നത് ദുരന്തങ്ങളുടെ ഓർമ്മയിലൂടെയാണ് എന്ന് ചിലപ്പോഴെക്കെ തോന്നാറുണ്ട്, ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ഉണ്ടായ ദുരന്തങ്ങൾ ഒരു രാഷ്ട്രത്തെ ചേർത്തു പിടിക്കുക, ആ വേദനയിലും ജീവിതത്തിന്റെ നിലനിൽപ്പിനെപ്പറ്റി വേവലാതി കൊള്ളുക. കെ. വേലപ്പന്റെ ഈ ലേഖനത്തിൽ കാണുന്ന പോലെ ഒന്നാണത്. ജീവിതത്തിൽ നിന്നും ജീവിതം പിൻവാങ്ങുന്ന സന്ദർഭങ്ങൾ ഓരോ മനുഷ്യനും ഉണ്ട്, അത് ഒരു രാഷ്ട്രത്തിനാവുമ്പോൾ കൂടുതൽ പ്രകടമാവുന്നു, റിപ്പോർട്ടിംഗ് 'visual' ആവുന്നതിനും മുമ്പുള്ള ഒരു എഴുത്താണ് ഇത്, ശരീരത്തിൽ മുറിവ് പറ്റി ഇരിക്കുന്ന ഒരു ജന്തുവിന്റെ ആത്മഗതം. വേലപ്പനും കള്ളിക്കാടും ഉണ്ടായിരുന്ന, സിനിമ കൂടി പറഞ്ഞിരുന്ന, കലാകൌമുദി എൺപതുകളിലെ ഓർമ്മയാണ്: യുവാക്കൾ ആവാൻ ചെന്നുനിന്ന സമയം കൂടിയായിരുന്നു അത്.

**രാജൻ പട്ടതോൾ:** ഇന്ത്യയുടെ ഏങ്ങലടി കുറച്ചെങ്കിലും കേൾപ്പിച്ചുതരാൻ ശ്രീ വേലപ്പന്റെ ലേഖനത്തിനു സാധിച്ചിട്ടുണ്ട്. മതബോധമല്ല, രാഷ്ട്രീയബോധമാണ് നമുക്ക് വേണ്ടത് എന്ന ആശയത്തിന് ഇന്ന് വളരെ പ്രസക്തിയുണ്ടല്ലോ.

(നവംബർ 15 മുതൽ 21 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014